(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 23 പേരെ അഡ്വൈസ് ചെയ്തിട്ടുള്ളതിൽ 15 പേർക്ക് നിയമനം നൽകിയിട്ടുള്ളതും ഒരാൾ പ്രീ സർവീസ് ട്രെയിനിംഗിലുമാണ്. 7 നോൺ ജോയിനിംഗ് വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇനം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജനറൽ	7
സംവരണം (എൽ.സി)	1
മുസ്ലീം	2
ഒ.ബി.സി.	1
ഈഴവ	2
വിശ്വകർമ്മ	1
(ചേരമർ/ എസ്.സി.)	1
ആകെ നിയമനം	15 എണ്ണം

(സി) നോൺ ജോയിനിംഗ് വേക്കൻസികൾ എല്ലാം പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഒഴിവിലേയ്ക്ക് 1-1-2005-ാം തീയതി മുതൽ നിയമനം നടത്തുന്നതിനുവേണ്ടി എല്ലാ എ.ഡി.സി. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള സിൽക്ക് നെയ്ത്തുശാലകൾ

174 [1894] പ്രൊഫ. കെ. വി. തോമസ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ എത്ര സിൽക്ക് നെയ്ത്തുശാലകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയുടെ ഈ വർഷം ഇതുവരെയുള്ള ടേൺ ഓവർ എത്രയാണ് ;

(സി) ഇവയുൽപ്പാദിപ്പിക്കുന്ന സിൽക്ക് എപ്രകാരമാണ് വിറ്റഴിക്കുന്നത് ;

(ഡി) ഇവയുൽപ്പാദിപ്പിക്കുന്ന സിൽക്കിന് എത്ര ശതമാനം റിബേറ്റുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 സിൽക്ക് നെയ്ത്ത് കേന്ദ്രങ്ങൾ.

(ബി) 29.47 ലക്ഷം രൂപയുടെ ഉല്പാദനമാണ് നടന്നത്.

(സി) ബോർഡിന്റെ അംഗീകൃത വില്പനശാലകൾ വഴി വിറ്റഴിക്കുന്നു.

(ഡി) സംസ്ഥാന സർക്കാരിന്റെ 10 ശതമാനം സാധാരണ റിബേറ്റും ഉത്സവകാലങ്ങളിൽ കേന്ദ്രസർക്കാരിന്റെ 10 ശതമാനം പ്രത്യേക റിബേറ്റ് ഉൾപ്പെടെ 20 ശതമാനം റിബേറ്റും നൽകിവരുന്നു.

ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷൻ

175 [1895] ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ;

(ബി) ഇപ്പോൾ ഈ നിധിയിൽ നിന്നും എന്തുതുക വീതം പെൻഷൻ നൽകിവരുന്നു ;

(സി) എത്രപേർക്കാണ് ഇപ്പോൾ പെൻഷൻ കൊടുക്കുന്നത് ;

(ഡി) ഈ നിധിയിൽ നിന്നും മറ്റെന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11,469 അംഗങ്ങൾ.

(ബി) ഇപ്പോൾ ഈ നിധിയിൽ നിന്നും ഏറ്റവും കുറഞ്ഞ പെൻഷൻ 300 രൂപയും പരമാവധി പെൻഷൻ 700 രൂപയും നൽകിവരുന്നു.

(സി) 2005 ഫെബ്രുവരി മാസം 172 പേർക്ക് പെൻഷൻ നൽകി.

(ഡി) ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് ഒരു സാമ്പത്തിക വർഷം വൈദ്യസഹായമായി 750 രൂപയും, സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി 750 രൂപയും നിധിയിലെ അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള തുടർവിദ്യാഭ്യാസത്തിന് ഒരുവർഷം 500 രൂപയും എഞ്ചിനീയറിംഗ്, മെഡിക്കൽ, വെറ്റിനറി, അഗ്രിക്കൾച്ചർ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3000

LIBRARY ARCHIVES Kerala Legislative Assembly